പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5266 06.02.2014 -ൽ മറുപടിക്ക്

വെള്ളം കൊണ്ടു പോകുന്ന കെ.എസ്.ആർ.ടി.സിയുടെ

ടാങ്കർ വാഹനങ്ങൾ

ചോദ്യം

ശ്രീ. എം. ഉമ്മർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യിൽ വെള്ളം കൊണ്ടു പോകുന്ന ടാങ്കർ വാഹനങ്ങൾ എത്ര എണ്ണമുണ്ട് ; ഇവയുടെ പ്രവർത്തനം എവിടെയെല്ലാമാണ് ; ഇതിൽ കൊണ്ടു വരുന്ന വെള്ളത്തിന്റെ ഉപയോഗം എവിടെയെല്ലാമാണ് ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ വെള്ളം കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ചില ഡിപ്പോകളിൽ ജലക്ഷാമം അനുഭവപ്പെടുമ്പോൾ ഓപ്പൺ ലോറിയിൽ സിൻടെക്സ് ടാങ്ക് ഘടിപ്പിച്ച് വെള്ളം ലഭ്യമാക്കാറുണ്ട്.<br>വിഴിഞ്ഞം, മാള, തിരുവനന്തപുരം സെൻട്രൽ വർക്സ്, പൂവാർ, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലാണ് പ്രധാനമായും ഇപ്രകാരം ലഭ്യമാക്കുന്നത്. |
| (ബി) | ഇതിന്റെ പ്രവർത്തനം രാത്രിയും പകലും ഉണ്ടോ ; ഇതിലേക്ക് എത്ര ജീവനക്കാരെ നിയമിക്കാറുണ്ട് ; ഇതിന്റെ പ്രവർത്തനം കൊണ്ട് കെ.എസ്.ആർ.ടി.സിക്ക് പ്രതിമാസം ആകെ എന്തു ചെലവ് ഉണ്ടാകാറുണ്ട് ; വിശദമാക്കുമോ ? | (ബി) | അടിയന്തിര ഘട്ടങ്ങളിൽ രാപ്പകൽ വ്യത്യാസമില്ലാതെ വെള്ളം ലഭ്യമാക്കാറുണ്ട്. ഇതിലേക്കായി കോഴിക്കോടും, തിരുവനന്തപുരം സെൻട്രലിലും മാത്രമാണ് ഓരോ ഡ്രൈവറേയും, ഓരോ സഹായിയേയും (മൊത്തം നാല് ജീവനക്കാർ) നിയമിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം കൊണ്ട് ഏകദേശം 82,724 രൂപ പ്രതിമാസം ചെലവാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ